# HSS & VHSS BRAHMAMANGALAM

*Little Kites Presents*



# അയനം 2023

# HSS & VHSS
# ബ്രഹ്മമംഗലം





### സ്ക്കൂൾ പ്രാർത്ഥനാ ഗീതം

ഉദിച്ചു ബ്രഹ്മമംഗലത്തുയർന്നു നിന്ന് വിദ്യയാം
വെളിച്ചമേകിയുൾത്തമസ്സകറ്റിടുന്ന വെൺമതി
തൊഴുന്നു ഞങ്ങളന്നുമിന്നും ഒന്നുചേർന്നു
നിന്നെ നീ
വിളങ്ങി നിൽക്കുവാൻ കടാക്ഷമേകിടട്ടേ
ഈശ്വരൻ



Smt. N. JAYASREE
Headmistress

# എഡിറ്റോറിയൽ

ബ്രഹ്മമംഗലത്തും സമീപ പ്രദേശങ്ങളിലുമുള്ള
സാധാരണക്കാരായ കുട്ടികൾക്ക് അസാധാരണമായ
വിജയങ്ങൾ സമ്മാനിച്ച് പാഠ്യ-പാഠ്യേതര രംഗങ്ങളിൽ
സമുജ്ജ്വലമായ നേട്ടങ്ങൾ സ്വന്തമാക്കി കോട്ടയം
ജില്ലയിലെ സമുന്നത സ്ഥാനത്ത് നിലകൊള്ളുന്ന
നമ്മുടെ സ്കൂളിന്റെ സ്നേഹോപഹാരം അയനം
പ്രകാശിതമാവുകയാണ്.

നോവും മധുരവും സമാസമം ചാലിച്ച സംഭവബഹുലമായ
ഒരു കലാലയ വർഷം കൂടി കടന്നുപോകുമ്പോൾ,
കുഞ്ഞുമക്കളുടെ ഉള്ളിന്റെയുള്ളിൽ ഉയിർകൊണ്ട
ചിന്താശകലങ്ങൾ സർഗ്ഗാത്മകതയുടെ വർണ്ണങ്ങൾ
ചാലിച്ച് സാദരം സമർപ്പിക്കുന്നു.

നമ്മുടെ സ്കൂളിന്റെ ഈ പ്രഥമസംരഭം ലളിതസുന്ദരവും
സമാകർഷകവും വ്യത്യസ്തവുമാക്കുവാൻ ആവശ്യമായ
നിസ്തുലവും നിർണ്ണായകവുമായ സഹകരണങ്ങളും
മാർഗ്ഗനിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും
ഹൃദയംഗമമായ നന്ദിയർപ്പിച്ചുകൊണ്ട്

എഡിറ്റോറിയൽ ബോർഡിനു വേണ്ടി,
തോമസ് കെ. മാത്യു

# ആശംസ

ബ്രഹ്മമംഗലം എച്ച്.എസ്.എസ് & വി. എച്ച്.എസ്.എസ് സ്കൂളിലെ വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികളും മറ്റും ഉൾപ്പെടുത്തി അയനം എന്ന പേരിൽ ഒരു സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഭാവിയുടെ പ്രതീക്ഷകളായി വളർന്നു വരുന്ന പ്രിയ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള നല്ല ഒരു അവസരമാകട്ടെ ഈ മാസിക എന്ന് പ്രതീക്ഷിച്ചുകൊണ്ട്, ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,
സി.കെ.ആശ.എം.എൽ.എ

A Review

# Bad Feminist Manifesto

by Roxane Gay

T.S. Meena
HSA

I have read Roxane Gays Bad feminist Mani festo recently.This is a collection of es says.The book confronts feminist ideologies, what a good feminist is and what a person can and can't do.Sevaral of Gays personal experiences are described and pondered upon.Gay is so great at weaving the intimate and personal with what is most bewildering and upsetting at the moment in culture.

It is a collection of essays of cultural criticicm and offers a complex and multifarious feminism,its flaws and failures.People are ignorant and misinformed on the concept of feminism.

Gay shows the way in which all of us have internalized as essential feminism thay either doesn't exit or is so riddled with stereotypes as to no longer deserve our attention. Bad feminist signals an important contribution, the complicated terrain of gender politics.

There are five diffrent parts of Bad feminist. Part one is called "Me", where Gay's personal life is described, such as show she is a Haitian America. The second part is called "Gender and sexuality", as well as Race and Entertainment,politics,Gender and Race and last but not least.

# ഓർമ്മയിൽ എന്നും

**ജിജി കെ തോമസ്**
**UPSA**

നീണ്ട 30 വർഷങ്ങൾ ! ഈ ആയുസ്സിൽ ഇത്രയും കാലം വലിയ തടസ്സങ്ങൾ ഒന്നും തരാതെ ഈ വലിയ സ്ഥാപനത്തിൽ ഒരു ഭാഗമാൻ കഴിയുന്നത് ജീവിതത്തിന്റെ ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു.
ഇത് അനുഭവിക്കാൻ അവസരം ലഭിക്കുന്ന അധ്യാപകർ ഏറ്റവും ഭാഗ്യവാന്മാർ തന്നെയാണ്.

1992 ആഗസ്റ്റ് 1-ാം തീയതി ഒരു വലിയ മനുഷ്യന്റെ പകരക്കാരിയായാണ് ഞാൻ വരുന്നത്.നല്ല അദ്ധ്യാപകനും, നല്ല കലാകാരനും ഒക്കെയായ ശ്രീ. ചിത്രഭാനു നമ്പൂതിരിപ്പാടിന്റെ സ്വയം വിരമിക്കൽ ഒഴിവിലാണ് എന്നെ നിയമിച്ചത്. ഈ അവസരത്തിൽ അന്നത്തെ മാനേജർ ആയിരുന്ന ശ്രീ. വി.റ്റി പൗലോസ് എന്ന മഹത് വ്യക്തിത്വത്തെ മനസ്സുകൊണ്ട് നമിക്കുന്നു. എനിക്ക് ഇവിടെ നിയമനം നൽകാൻ അവസരം തന്നത് അദ്ദേഹമായിരുന്നു.

10 വർഷത്തോളമായി ഉച്ചഭക്ഷണത്തിന്റെ ചാർജ്ജ് ഉള്ളതുകൊണ്ട് ഭക്ഷണം നൽകുക എന്ന വലിയ പുണ്യത്തിലും ഭാഗമാകാൻ സാധിക്കുന്നുണ്ട്. ഇതൊക്കെ എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. എന്നാൽ ചില ദുഖങ്ങളും അലട്ടുന്നുണ്ട്
രോഗത്തിലും ദുരിതത്തിലും ഉള്ള ചില ബാല്യങ്ങളും രക്ഷിതാക്കളും ഒക്കെ. രണ്ട് പ്രിയ വിദ്യർത്ഥികളുടെ മരണം വേദനതന്ന കാര്യമായിരുന്നു. ഈ അവസരത്തിൽ തന്റെ മുന്നിലിരുന്ന കുട്ടികൾ
എന്റെ കുട്ടിതന്നെയാണ് എന്ന് തിരിച്ചറിഞ്ഞു.

കുട്ടികളോടൊപ്പം അവരുടെ കളിചിരികളോടും കസൃതികളോടും ഒത്തുള്ള ഈ ജീവിതം ഏറ്റവും സുന്ദരമാണ്. അതിന് അവസരം ലഭിക്കുന്ന അധ്യാപകർ ഏറ്റവും ഭാഗ്യവാന്മാരാണ്. അടുത്ത ജന്മത്തിലും ഒരു അധ്യാപിക ആകണം എന്ന് ആഗ്രഹിച്ചുകൊണ്ട്.............

# പൂമ്പാറ്റ കവിത

ആതിര ടി.എസ്
STD: 6 C

ഇത്തിരിപ്പൂവിൽ പറന്നിരിക്കും
ചിത്രശലഭമേ കൂട്ടുകാരീ
എത്ര മനോഹരം എന്തു ചന്തം
അഴകുള്ള നിന്നുടെ ചേലുകാണാൻ
നാടായ നാടെല്ലാം കണ്ടുമടങ്ങുവാൻ
പേടിച്ചിരിപ്പാണോ പൂവിനുള്ളിൽ
നേരം വെളുത്തുവരുമ്പോഴേക്കും
ധൃതി പിടിച്ചു പോകുവതെന്തെ
അഴകുള്ള നിന്നുടെ ചിറകുകാണാൻ
എത്ര മനോഹരം എന്തു ചന്തം
കാട്ടിലേക്കോ അതോ വീട്ടിലേക്കോ
തേൻ നുകരാൻ നീ പോകുന്നു
പോയി വരുമ്പോൾ പൂമ്പൊടിയും
തേനും എനിക്കായ് നീ കരുതുകില്ലേ


# അമ്മമധുരം

ശ്രീലക്ഷ്മി പി. എസ്
STD: 8 B

എൻ മുടിയിഴകൾ നകരും
പുണ്യ ജലത്തിൻ കൈകളാണെന്നമ്മ
എൻ പിടിവാശികളിൽ ഏർപ്പെടും
ആത്മമിത്രമാണമ്മ
നിൻ കൈവിരലുകൾതൻ തണുപ്പ്
എൻ മനസ്സിൻ സന്തോഷം
എൻ ജീവശ്വാസമാണമ്മ
രാത്രിയുടെ യാമങ്ങളിൽ നിൻ
താരാട്ടിൽ മയങ്ങുവാൻ മോഹം
എൻ കുട്ടിയാഗ്രഹങ്ങൾ സാധിക്കും
സ്വർഗ്ഗമാലാഖയാണെന്നമ്മ
നിൻ ശാസനകൾ വെറും മധുരം
മാത്രമെനിക്കിന്ന്
കരയുമ്പോൾ മുത്തം തന്നു
കവിളിൽ മതിവരുവോളം
എൻ ആദ്യാക്ഷരത്തിൻ ഉറവിടമാണെന്നമ്മ
നിൻ ചിരിമധുരത്തിൽ ഞാൻ മയങ്ങി
എൻ മനസ്സിൽ അണയാത്ത ദീപമാണമ്മ.......

# Our Faculties

## HS Section




## UP Section




*thank you*